പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1675 — 08.06.2018 ൽ മറുപടിയ്ക്ക്

## തൃക്കാക്കര മണ്ഡലത്തിൽ കാർഷിക മോണിറ്ററിങ്ങ് കമ്മറ്റി പുനസംഘടിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ് | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കൃഷിഭവനുകൾ കേന്ദ്രീകരിച്ച് രൂപീകരിക്കേണ്ട കാർഷിക വികസന സമിതിയും ലോക്കൽ ലെവൽ മോണിറ്ററിങ്ങ് കമ്മറ്റിയും തൃക്കാക്കര നിയോജക മണ്ഡലത്തിൽപ്പെട്ട വൈറ്റില, കാക്കനാട് കൃഷിഭവനുകളിൽ പുനസംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; | എ) & ബി) | തൃക്കാക്കര നിയോജക മണ്ഡലത്തിൽപ്പെട്ട കാക്കനാട് (തൃക്കാക്കര) കൃഷിഭവനിൽ കാർഷിക വികസന സമിതി 17.11.2016 മുതൽ പുന:സംഘടിപ്പിച്ചിട്ടുണ്ട്. വൈറ്റില കൃഷിഭവനിൽ കാർഷിക വികസന സമിതി ഉടൻതന്നെ പുന:സംഘടിപ്പിക്കാൻ വേണ്ട നടപടികൾ എടുത്തുവരുന്നു. തൃക്കാക്കര നിയോജക മണ്ഡലത്തിൽപ്പെട്ട വൈറ്റില, കാക്കനാട് (തൃക്കാക്കര) കൃഷിഭവനുകളിൽ ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) | വൈറ്റില, കാക്കനാട് കൃഷിഭവനുകളിൽ കാർഷിക വികസന സമിതിയും ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മറ്റിയും അടിയന്തരമായി പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ